പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.5549

04.07.2013ലെ മറുപടിയ്ക്ക്

എസ്റ്റേറ്റ് തൊഴിലാളി പുനരധിവാസ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) എസ്റ്റേറ്റ് തൊഴിലാളികൾക്കായി എന്തെല്ലാം പുനരധിവാസ പദ്ധതികൾ നടപ്പിലാക്കി വരുന്നത്; വിശദമാക്കുമോ; | (എ) എസ്റ്റേറ്റ് തൊഴിലാളി കളുടെ തൊഴിൽ സ്ഥലങ്ങളോടനുബന്ധിച്ച് മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കാൻ വേണ്ടിയാണ് എസ്റ്റേറ്റ് തൊഴിലാളി പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (ബി) പദ്ധതി നടത്തിപ്പിനുവേണ്ടി രൂപീകരിച്ച കമ്പനിയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണ് ; | (ബി) 1956-ലെ Companies Act-ലെ സെക്ഷൻ 25 പ്രകാരം "ഭവനം" എന്ന പേരിലോ അതോ കമ്പനി രജിസ്ട്രാർ അനുവദിക്കുന്ന മറ്റേതെങ്കിലും പേരിലോ കമ്പനി രൂപീകരിക്കുവാൻ G.O.(MS) No.35/2013/തൊഴിൽ തീയതി: 22/03/2013 പ്രകാരം സർക്കാർ ഉത്തരവാകുകയും, കമ്പനി രജിസ്ററർ ചെയ്യുവാൻ കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും മെമ്മോറാണ്ടം ഓഫ് അസോസിയേഷനും തയ്യാറാക്കി കമ്പനി രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (സി) തോട്ടം തൊഴിലാളികൾ ആ മേഖല വിട്ടുപോകുന്ന പ്രവണത തടഞ്ഞ് അവരെ അവിടെത്തന്നെ നിലനിർത്താൻ പ്രേരക മായ എന്തെല്ലാം പരിപാടികളാണ് കമ്പനി ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) കമ്പനിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായാൽ മാത്രമേ ഇത് സംബന്ധിച്ച പരിപാടികൾ തയ്യാറാക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ